**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4382** **01-07-2024 - ൽ മറുപടിയ്ക്ക്**

**കേരള പൊതുവില്പന നികുതി നിയമ പ്രകാരം ബാർ ഹോട്ടലുകൾക്കുള്ള നികുതി**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ കേരള പൊതുവില്പന നികുതി നിയമം വകുപ്പ് 10 പ്രകാരം നികുതി അടയ്ക്കുന്നവ എത്രയെണ്ണമുണ്ടെന്നും, ബാർ ഹോട്ടലുകളിലെ വില്പന പരിശോധിക്കുവാൻ നികുതി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ തയ്യാറാകുമോയെന്നും അറിയിക്കാമോ; | (എ) | "Power of Government to grant exemption and reduction in rate of Tax" നെ സംബന്ധിച്ചുള്ളതാണ് കേരള പൊതു വില്പന നികുതി നിയമം, 1963 ലെ പത്താം വകുപ്പ്. കെ.ജി.എസ്.ടി. നിയമം, 1963 പ്രകാരം ബാർ ഹോട്ടലുകളിൽ നിന്നും നികുതി ഈടാക്കുന്നത് പ്രസ്തുത നിയമത്തിന്റെ വകുപ്പ് 5, 7 എന്നിവ അനുസരിച്ചാണ്. ടി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത 923 ബാർ ഹോട്ടലുകളിൽ 41 എണ്ണം വകുപ്പ് 7 പ്രകാരം കോംപൗണ്ടിങ് നിരക്കിലും ബാക്കിയുള്ളവ വകുപ്പ് 5 പ്രകാരവും നികുതി അടച്ചുവരുന്നു. നിലവിൽ ബാർ ഹോട്ടലുകൾ കെ.ജി.എസ്.ടി. നിയമം, 1963 പ്രകാരം നികുതി ഒടുക്കുന്നില്ല എന്ന് കണ്ടെത്തുകയോ, നികുതി ഒടുക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, നികുതി പൂർണ്ണമായി അടച്ചില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ അവർക്കെതിരെ സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കെ.ജി.എസ്.ടി. നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സെസ്സ്മെന്റ് നടപടികൾ പൂർത്തീകരിക്കുകയും, കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. തുടർന്നും നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്നപക്ഷം കെ.ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരം നികുതി അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ബാർ ഹോട്ടലുകളിലെ വില്പന പരിശോധിക്കുവാൻ നികുതി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത വകുപ്പ് പ്രകാരം നികുതി ഒടുക്കാത്ത ബാറുകളിൽ നിർബന്ധിത പരിശോധന നടത്തി യഥാർഥ ലാഭ ശതമാനം ടേൺ ഓവർ ടാക്സിന് വിധേയമാക്കുന്ന നയം സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ? | (ബി) | ഇല്ല. നിലവിൽ ബാർ ഹോട്ടലുകൾ വിറ്റുവരവ് കുറച്ചുകാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ, നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ അവർക്കെതിരെ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സെസ്സ്മെന്റ് നടപടികൾ പൂർത്തീകരിക്കുകയും, കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. റിട്ടേൺ ഫയൽ ചെയ്ത് യഥാസമയം നികുതി അടയ്ക്കാത്തവർക്കുമേൽ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 പ്രകാരം പെനാൽറ്റി ചുമത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുടർന്നും, റിട്ടേൺ പരിശോധനയിലൂടെയോ മറ്റു ഡിപ്പാർട്ട്മെന്റൽ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായോ ഏതെങ്കിലും ബാർ ഹോട്ടലുകൾ നിയമപ്രകാരമുള്ള നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്നു ശ്രദ്ധയിൽപ്പെട്ടാൽ KGST, 1963 നിയമപ്രകാരമുള്ള നടപടികൾക്ക് വിധേയമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ